LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് മലാപറമ്പ് ജംഗ്ഷനിലെ ഗതാഗത സ്തംഭനം

371 (1429) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മലാപറമ്പ് ജംഗ്ഷനിൽ സ്ഥിരമായി ഉണ്ടാകുന്ന ഗതാഗത സ്തംഭനം ഒഴിവാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഗതാഗതസ്തംഭനം ഒഴിവാക്കുന്നതിനാവശ്യമായ ബദൽ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ദേശീയപാത 212-ൽപ്പെട്ട മലാപറമ്പ് ജംഗ്ഷനിൽ ഉണ്ടാകുന്ന ഗതാഗത സ്തംഭനം ഒഴിവാക്കുന്നതിനായി കോഴിക്കോട് മുതൽ വെള്ളിമാടുകുന്നുവരെ നിലവിലുള്ള റോഡ് വികസിപ്പിക്കുന്നതിനുവേണ്ടി ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

കോഴിക്കോട് നോർത്ത് മണ്ഡലത്തിലൂടെയുള്ള നാഷണൽ ഹൈവേ (കണ്ണൂർ റോഡ്)-യുടെ ഓവുചാൽ

372 (1430) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന നാഷണൽ ഹൈവേ (കണ്ണൂർ റോഡ്)-യുടെ ഇരുവശങ്ങളിൽ പലസ്ഥലങ്ങളിലും ഓവുച്ചാൽ ഇല്ലാത്തതിനാൽ മഴക്കാലത്ത് വെള്ളം കെട്ടി നിന്ന് കാൽനടയാത്രക്കാർക്ക് അസൗകര്യമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓവുചാൽ നിർമ്മിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എൻ.എച്ച്. 17-ൽ കിലോമീറ്റർ 240/000 മുതൽ 241/200 വരെയുള്ള ഭാഗത്തുള്ള വെള്ളക്കെട്ടുകൾ ഒഴിവാക്കാൻ വേണ്ടി ഓടയും നടപ്പാതയും നിർമ്മിക്കുവാൻ 53 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.